# ജനാബ് അബ്ദുസ്സലാം സുല്ലമി
# മുസ്‌ലിമായത് 2002ന് ശേഷമൊ?

## ആമുഖം

**അബ്ദുസ്സലാം സുല്ലമിയും ഇസ്‌ലാഹീ പ്രസ്ഥാനവും** എന്ന തലക്കുറിയോടെ ഒരു കുറിപ്പ് വായിക്കാനിടയായി. ഹൃദയസ്‌പൃക്കായ വരികൾ. അബ്ദുസ്സലാം സുല്ലമിയുടെ ത്യാഗങ്ങളേയും ഇസ്‌ലാഹീ രംഗത്തുള്ള ശ്രമങ്ങളേയും എടുത്തു കാട്ടുന്ന ലേഖനം തീർച്ചയായും പലരുടേയും കരളിളക്കിയേക്കും. അതുകൊണ്ടാകണം, ഇതൊരു പുതിയ പ്രതിരോധ തന്ത്രത്തിന്റെ ഭാഗമാണെന്ന് മനസിലാക്കാത്ത ചിലരെങ്കിലും കുറിപ്പുകളെഴുതി ഐക്യദാർഢ്യം പ്രഖ്യാപിച്ചത്.

ഈ ലേഖനം 'അബ്ദുസ്സലാം സുല്ലമിയും ഇസ്‌ലാഹീ പ്രസ്ഥാനവും' എന്ന കുറിപ്പിനുള്ള പ്രതികരണമാണ്. ചില വസ്തുതകൾ യഥാവിധി, യഥാസമയം സഹോദരങ്ങളെ അറിയിച്ചില്ലെങ്കിൽ സന്ദേഹങ്ങൾ ബാക്കിനിൽക്കും എന്നതു കൊണ്ടാണ് ഈ ശ്രമം.

ജനാബ് അബ്ദുസ്സലാം സുല്ലമിക്ക് ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നയനിലപാടുകളിൽ നിന്ന് വിഭിന്നമായ എത്രയോ ആശയങ്ങളും വീക്ഷണങ്ങളുമുണ്ടെന്ന യാഥാർഥ്യം ഏവർക്കുമറിയാവുന്ന വസ്തുതയാണ്. ആ ആശയങ്ങളും വീക്ഷണങ്ങളും മുസ്‌ലിം ഉമ്മത്തിന് അപകടമാണ് എന്ന് മനസിലാക്കുന്ന ഏതൊരു മുസ്‌ലിമിനും പ്രാമാണികമായി അദ്ദേഹത്തെ വിമർശിക്കാനുള്ള അവകാശമുണ്ട്. ആ അവകാശമാണ് മുജാഹിദുകൾ അദ്ദേഹത്തിന്റെ കാര്യത്തിൽ ഉപയോഗപ്പെടുത്തി വരുന്നത്.

ലേഖനത്തിൽ പറഞ്ഞ പ്രകാരം, എളിയ ജീവിതം നയിക്കുന്ന വ്യക്തിയാകാം അദ്ദേഹം. ഈ ഗുണവിശേഷണം പക്ഷെ, അദ്ദേഹത്തിന്റെ ആശയാദർശ മേഖലകളിലെ, വിശിഷ്യാ അദ്ദേഹത്തിന്റെ വിഹാരരംഗമായ ഹദീസ് മേഖലകളിലെ ഗുരുതരമായ സ്ഖലിതങ്ങളെ അനുഭാവപൂർവം അവഗണിക്കാൻ മുജാഹിദുകൾക്ക് കാരണമായി തോന്നിയിട്ടില്ല. അല്ലാഹുവിനോടും റസൂലിനോടും സ്നേഹമുള്ള ആർക്കും അങ്ങനെ തോന്നാവുന്നതുമല്ല.

## അബ്ദുസ്സലാം സുല്ലമിയും വിമർശകരോടുള്ള നിലപാടും

തന്റെ ആശയങ്ങളേയും നയനിലപാടുകളേയും നിശിതമായി വിമർശിക്കുന്ന ആളുകളോട് ജനാബ് അബ്ദുസ്സലാം സുല്ലമിയുടെ നിലപാടെന്താണ്? വിമർശനങ്ങളെ സഹിഷ്ണുതാപൂർവമാണൊ അദ്ദേഹം കൈകാര്യം ചെയ്യാറുള്ളത്? ചിന്തിക്കേണ്ട വിഷയമാണത്.

പ്രതിയോഗികളെ ഇന്നൊ ഇന്നലെയൊ കണ്ടു ശീലിച്ചയാളല്ല, അബ്ദുസ്സലാം സുല്ലമി. അതൊരു വസ്തുതയാണ്. മൂത്ത ഖുറാഫാത്തിന്റെ കണ്ണില്ലാത്ത വിമർശനങ്ങളെ നേരിട്ടയാളാണദ്ദേഹം. പക്ഷെ, അവരെപ്പറ്റിപ്പോലും പറയാൻ ഉപയോഗിച്ചിട്ടില്ലാത്ത പദപ്രയോഗങ്ങൾ മുജാഹിദു പ്രസ്ഥാനത്തിലെ തന്റെ വിമർശകരെ, അല്ല, ആ പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങളേയും പറ്റി അദ്ദേഹം ഉപയോഗിച്ചിട്ടില്ലെ?

- മൗലവി പക്ഷം മുശ്‌രിക്കുകളാണെന്ന്, ശിർക്കിന്റെ ഹോൾസെയിൽ വ്യാപാരികളുടെ വാരികയായ സെൻസിംഗിലാണ് അദ്ദേഹം അഭിമുഖം കൊടുത്തത്.

- തന്റെ വിമർശക പക്ഷത്തെ മുഴുവൻ 'നവ യാഥാസ്ഥിതിക'രെന്നും, 'നവ ഖുറാഫി'കളെന്നും യാതൊരു സങ്കോചവുമില്ലാതെ ആക്ഷേപിക്കുന്ന രംഗങ്ങൾ അബ്ദുസ്സലാം സുല്ലമിയുടെ തന്നെ പ്രഭാഷണ സി.ഡി.കളിൽ ധാരാളമില്ലെ?
- കിതാബോതാത്ത കിബ്റൻമാരാണ് കെ.എൻ.എമ്മിന്റെ പണ്ഡിതൻമാരെന്ന് അദ്ദേഹം പരിഹസിക്കുന്നില്ലെ?
- ജംഇയ്യത്തുൽ ഉലമയുടെ മുഴുവൻ പണ്ഡിതൻമാരും തനിക്ക് ഒറ്റക്ക് നേരിടാൻ മാത്രം നിസാരൻമാരാണെന്ന പ്രസ്താവന അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലില്ലെ?
- മുമ്പിലിരിക്കുന്നവരെ കുടുകുടാ ചിരിപ്പിക്കുന്ന പരിഹാസങ്ങൾ തന്റെ പ്രസംഗങ്ങളിൽ വിമർശകരെപ്പറ്റി അദ്ദേഹം ധാരാളം പ്രയോഗിക്കാറില്ലെ?
- മുജാഹിദു പണ്ഡിതൻമാരെപ്പറ്റി 'നവപുരോഹിതൻമാർ' എന്ന് അദ്ദേഹം എഴുതാറില്ലെ?

ഈ വക സത്യങ്ങളെ മുന്നിൽ വെച്ച് പറയുക, ജനാബ് അബ്ദുസ്സലാം സുല്ലമി മാത്രമേ നമുക്കിടയിൽ ഏക മുസ്ലിമായിട്ടുള്ളൂ?

- അദ്ദേഹത്തിന്റെ വിമർശകർ മുസ്ലിമുകളല്ലെന്നുണ്ടൊ?
- അദ്ദേഹം മാത്രമേ, പഠനവും, പ്രഭാഷണവുമായി രാപകലുകളിൽ വ്യാപൃതനാകുന്നുള്ളൂ?
- അദ്ദേഹത്തിനു മാത്രമേ ഓടിട്ട പുരയുള്ളൂ?
- അദ്ദേഹം മാത്രമേ ഖുറാഫാത്തിന്റെ കോട്ടകളിൽ കയറി ശബ്ദിച്ചിട്ടുള്ളൂ?

അദ്ദേഹത്തിന്റെ ഈ വക 'ഗുണഗണങ്ങൾ' കൊണ്ടാണൊ വിമർശകർക്കു നേരെയുള്ള അദ്ദേഹത്തിന്റെ ക്രൂരമായ ആക്ഷേപങ്ങളെ അപലപിക്കാൻ നമ്മുടെ സഹോദരൻമാർക്ക് സാധിക്കാതെ പോകുന്നത്?!!!

തന്റെ വിമർശകരുടെ ആദർശത്തിൽ ഗുരുതരമായ വീഴ്ചകൾ വന്നിട്ടുണ്ട് എന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് അബ്ദുസ്സലാം സുല്ലമി. ആ വീഴ്ചകളെ ഏതു വിധത്തിലാണ് അദ്ദേഹം കൈകാര്യം ചെയ്യുന്നത് എന്ന് അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ലേഖനങ്ങളും വായിക്കുന്നവർക്ക് അജ്ഞാതമല്ല. മൗലവി പക്ഷം മുശ്രിക്കുകളാണൊ എന്ന സെൻസിംഗിന്റെ ചോദ്യത്തിന് 'അതെ' എന്ന് ശങ്കയേതുമില്ലാതെ പറയാൻ അബ്ദുസ്സലാം സുല്ലമിക്കല്ലാതെ, ജനാബ് ഹുസൈൻ മടവൂർ നയിക്കുന്ന പ്രസ്ഥാനത്തിലെ മറ്റാർക്ക് കഴിയും? ഗുണകാംക്ഷയോടെയുള്ള ഉപദേശമാണൊ ഇത്? ആർക്കും അതിൽ വേദനയില്ലെന്നൊ?

ഇവിടെ ഒരു കാര്യം വ്യക്തമാവുകയാണ്. ജനാബ് അബ്ദുസ്സലാം സുല്ലമി തന്റെ ആശയാദർശങ്ങളെ വിമർശിച്ചവരെ ഗുണകാംക്ഷയോടെയല്ല നേരിട്ടിട്ടുള്ളത്. അതേ ശൈലിയിൽ, അല്ല, അതിനേക്കാൾ മോശമായ ശൈലിയിൽ അബ്ദുസ്സലാം സുല്ലമിയും വിമർശിച്ചിട്ടുണ്ട്. ഇപ്പോഴും വിമർശിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. വായെടുത്താൽ മുജാഹിദു പണ്ഡിതൻമാരെ 'ഖുറാഫി' എന്നു മാത്രം സംബോധന ചെയ്യുന്ന ജനാബ് അബ്ദുസ്സലാം സുല്ലമി പക്ഷെ, തന്റെ നിശിത വിമർശകരാരും അദ്ദേഹത്തെ ദ്രോഹിക്കുന്നുവെന്ന് ഇന്നുവരെ ആവലാതിപ്പെട്ടിട്ടില്ല, ആവലാതിപ്പെട്ട് ആർക്കും കത്തെഴുതിയിട്ടുമില്ല. അവരുടെ ശൈലി ദ്രോഹമാകുമെങ്കിൽ തൻേറത് അവർക്കും ദ്രോഹമാകുമെന്ന തിരിച്ചറിവ് അദ്ദേഹത്തിന് ഉള്ളതു കൊണ്ടാണത്.

## അബ്ദുസ്സലാം സുല്ലമി മുസ്ലിമായത് 2002 ശേഷമോ?

അബ്ദുസ്സലാം സുല്ലമി മുസ്ലിമായത് 2002ന് ശേഷമൊ? എന്നത് പ്രസക്തമായ ചോദ്യമാണ്. 'അബ്ദുസ്സലാം മൗലവി മുസ്ലിമാണ് കേട്ടോ...' എന്ന വാചകം കൊണ്ടവസാനിക്കുന്ന, സഹോദരന്റെ ലേഖനത്തിലെ ആകെത്തുക, 'അദ്ദേഹത്തെ കടിച്ചു കീറരുതേ, അദ്ദേഹത്തെ ദ്രോഹിക്കരുതേ' എന്ന അപേക്ഷയാണ്. അദ്ദേഹത്തെ പ്രതിരോധിക്കാൻ വേണ്ടിയാണ് അദ്ദേഹത്തിൻേറതായ സേവനങ്ങളെയും സവിശേഷതകളെയും സഹോദരൻ എടുത്തെഴുതിയത്. സഹോദരാ, തന്റെ വിമർശകരോട് ജനാബ് അബ്ദുസ്സലാം സുല്ലമിക്കില്ലാത്ത ആവലാതിയാണ് സത്യത്തിൽ താങ്കളുടേത്.

---

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. നിസാഅ്:59

ആരാണ് അബ്ദുസ്സലാം സുല്ലമിയെ യഥാർത്ഥത്തിൽ പീഡിപ്പിച്ചിട്ടുള്ളത്? ആരാണ് അദ്ദേഹത്തെ മാനസികമായി ദ്രോഹിച്ചിട്ടുള്ളത്? അദ്ദേഹത്തിനു വേണ്ടി കുറിപ്പെഴുതിയവർക്ക് അക്കാര്യം അറിയേണ്ടതില്ലെ? എങ്കിൽ കേട്ടോളൂ. ഒരുകാലത്ത് ഇതേ അബ്ദുസ്സലാം സുല്ലമി, ഏതൊരു വായനക്കാരന്റെയും ചങ്കുപിളർക്കും വിധമുള്ള വരികളിലൂടെ **ചിലർ ചെയ്ത ദ്രോഹത്തെപ്പററി വേദനയോടെ ആവലാതിപ്പെട്ടിട്ടുണ്ട്.**

ആരാണാ നേതാക്കളെന്നൊ? അന്നത്തെ I.S.M ന്റെയും ഇന്നത്തെ മടവൂർ വിഭാഗത്തിന്റെയും പ്രഗത്ഭരും നേതാക്കളുമായ:

ജനാബ് അബൂബക്കർ കാരക്കുന്നും,

ജനാബ് വീരാൻ കുട്ടി സുല്ലമിയും,

ജനാബ് അഹ്മദ് കുട്ടിയുമാണത്

തനിക്കെതിരെ ഇക്കൂട്ടർ ചെയ്തു കൊണ്ടിരിക്കുന്ന ദ്രോഹങ്ങളെപ്പറ്റി അദ്ദേഹം കേരളാ നദ്‌വത്തുൽ മുജാഹിദീൻ പ്രസാഡന്റായിരുന്ന ഡോ. ഉസ്മാൻ(റ) സാഹിബിന്നും, തന്നെ ദ്രോഹിക്കുന്ന വ്യക്തികൾക്കു തന്നെയും സ്വന്തം കൈപ്പടയിലദ്ദേഹം എഴുതിയിട്ടുണ്ട്.

- **അവരദ്ദേഹത്തെ തീവ്രവാദിയായ NDFകാരനായി ചിത്രീകരിച്ചു**
- **എടവണ്ണയിലെ മിമ്പറിൽ വെച്ച് NDF ഓതുന്ന ആയത്തുകൊണ്ട് അദ്ദേഹത്തെ ചിലർ ആക്ഷേപിച്ചു**
- **തങ്ങളിലിരിക്കുന്ന അധികാരക്കസേരയുടെ അടിയിലിട്ടമർത്തി ആ സാധു മനുഷ്യനെയവർ പീഡിപ്പിച്ചു.**
- **താനും അലി അക്ബർ മൗലവിയും കൂടി നടത്തിയിരുന്ന അൽ ഇസ്ലാഹ് മാസികയെ പള്ളികളിൽ നിന്ന് തടഞ്ഞു.**
- **തൃശൂരിൽ വെച്ചു നടന്ന സമ്മേളനത്തിൽ വില്പനക്കു കൊണ്ടു വന്ന അൽഇസ്ലാഹിന്റെ കെട്ടുകൾ വളണ്ടിയർ കോറുകാർ ചളിക്കുഴിയിലിട്ട് ചവിട്ടിത്താഴ്ത്തി. അൽഇസ്ലാഹിന്റെ മീതെയല്ല, അതിനെ ജീവനു തുല്യം സ്നേഹിച്ച അബ്ദുസ്സലാം സുല്ലമിയുടെ നെഞ്ചിനുമീതെയാണ് അവരുടെ ചവിട്ടേറ്റത്.**
- **അദ്ദേഹത്തിനു നേരെ വധശ്രമം നടത്തി.**
- **ഏതു സമയവും വധിക്കുമെന്ന ഊമക്കത്തുകൾ കൊണ്ട് ആ പണ്ഡിതനെ മാനസികമായി തളർത്തി.**
- **ഈ വക കാര്യങ്ങളാലോചിച്ച് രണ്ടു നാൾ (കുറിപ്പു കാരൻ അദ്ദേഹത്തിന്റെ പോരിശയായി പ്പറഞ്ഞ 'നാലുമണിക്കൂർ പോലും') ഉറങ്ങാൻ പോലുമാകാത്തവിധം അദ്ദേഹത്തെയവർ ദ്രോഹിച്ചു.**

അങ്ങനെ ഇനിയുമെത്ര? ഇതൊക്കെ വെറുതെ പറയുന്നതാണൊ? സ്വന്തം കൈപ്പടയിലെഴുതിയ അദ്ദേഹത്തിന്റെ കത്തുകൾ വായിച്ചിട്ട് വായനക്കാർ തീരുമാനിക്കുക. അദ്ദേഹത്തിന്റെ കത്ത് അപ്പടി നൽകുകയാണ്. വായിച്ചു നോക്കിയിട്ട് കുറിപ്പുകാരനും അദ്ദേഹത്തെ പോലുള്ളവരും പറയട്ടെ: **'ആ നാളുകളിൽ, ഒന്നു കൂടി വ്യക്തമായിപ്പറഞ്ഞാൽ 2002നു മുമ്പുള്ള നാളുകളിൽ അബ്ദുസ്സലാം സുല്ലമി മുസ്‌ലിമല്ലായിരുന്നൊ'** എന്ന്. അതല്ല, അദ്ദേഹം മുസ്ലിമാണൊ എന്നറിയാതെ ചെയ്തുപോയ ദ്രോഹമായിരുന്നുവെങ്കിൽ, പ്രസ്തുത 'ദ്രോഹികൾ' അദ്ദേഹത്തോട് മാപ്പ് ചോദിച്ച് അല്ലാഹുവിനോട് പശ്ചാത്തപിച്ചു മടങ്ങിയിട്ടുണ്ടൊ എന്നും അറിയിക്കുക.

---

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. നിസാഅ്:59

## കത്ത് നമ്പർ : 1

بسم الله الرحمن الرحيم

السلام عليكم



**പ്രിയം നിറഞ്ഞ ജനാബ് ഡോക്ടർ ഉസ്മാൻ സാഹിബിന് എ. അബ്ദുസ്സലാം സുല്ലമി.** ഖുറാഫികൾക്ക് എതിരായി ശക്തമായ ഒരു തൂലിക യുദ്ധം സംഘടിപ്പിച്ച് തൽഫലമായി രക്തസാക്ഷിയാകേണ്ടി വന്നാൽ ആവുകയും ചെയ്യുക എന്ന മഹത്തായ ലക്ഷ്യം മുന്നിൽ കണ്ട് തുടങ്ങിയതാണ് അൽ ഇസ്‌ലാഹ് മാസിക. **എന്നാൽ മാസികക്കും എനിക്കും അലി അക്ബർ മൗലവിക്കും എതിരായി I.S.Mലെ ജ. അബൂബക്കർ കാരക്കുന്ന്, വീരാൻ കുട്ടി, അഹമ്മദ് കുട്ടി മുതലായവർ ചില തെററായ പ്രചരണം നടത്തുകയാണ്. മാസിക N.D.F ന്റേയും ഞാനും മൗലവിയും അവരുടെ വലയിൽ കുടുങ്ങിയതുമാണെന്നാണ് പ്രചരണം.** യഥാർത്ഥത്തിൽ തീവ്രവാദത്തെ ആദ്യമായി എതിർത്തത് ഞാനായിരുന്നു. അന്ന് എന്നെ ഫിർഔൻ എന്നുവരെ ചിലർ വിളിച്ചു. **എടവണ്ണയിലെ മിമ്പർ പോലും N.D.F ഓതുന്ന ആയത്തുകൾ ഓതിക്കൊണ്ട് എനിക്കു നേരെ ഉപയോഗിച്ചു. അവരാണ് എന്റെ പേരിൽ വിമർശിക്കുന്നത്.** പോക്കർ എന്ന വ്യക്തിയേയാണ് ഇവർ പൊക്കിപ്പിടിക്കുന്നത്. യഥാർത്ഥത്തിൽ സുന്നികൾ തനിച്ച കാഫിർ ആണെന്ന് വരെ വാദിക്കുന്ന ധീരമുജാഹിദാണ് അവൻ. എന്റേയും എം.എം. അക്ബറിന്റേയും സുഹൈർ ചുങ്കത്തറയുടേയും പന്നൂരിന്റേയും ധാരാളം പുസ്തകങ്ങളും അവൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 15 വർഷം മുൻപ് അവന്റെ നാട്ടിൽ ചോദ്യോത്തര രൂപത്തിലുള്ള രഹസ്യ ക്ളാസുകൾ നടത്തി ഞാൻ തന്നെയാണ് അവനെ മുജാഹിദാക്കിയതും. സാമ്പത്തികമായി സഹായിക്കുകയാണ് അവൻ ചെയ്യുന്നത്. എന്റെ ഒപ്പ് ഇല്ലാതെ ഒരു കുറിപ്പ് പോലും മാസികയിൽ വരില്ലെന്ന നിബന്ധനയുമുണ്ട്. പോക്കറെക്കുറിച്ച്,. അതിന് അവൻ നൽകിയ മറുപടി ഇതിന്റെ കൂടെ അയക്കുന്നു. രണ്ടാമത്തെ **മറുപടിയും കൂടെ എന്റെ കുറിപ്പും അബൂബക്കറിന്റെ പേരിൽ രജിസ്ററർ ചെയ്തു അയച്ചിട്ടുണ്ട്.**

**ഈ പ്രശ്നത്തിൽ നിങ്ങളെ പങ്കെടുപ്പിച്ച് I.S.Mലെ ചിലരുടെയെങ്കിലും അതൃപ്തി നിങ്ങളുടെ മേൽ വീഴുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.** അല്ലാഹുവിൽ തവക്കുൽ ചെയ്ത് മുന്നോട്ട് പോകുവാനാണ് ഉദ്ദേശ്യം. ഈ കത്തു എഴുതുന്നതു ആരെങ്കിലും നിങ്ങളോട് പ്രശ്നം അന്വേഷിച്ചാൽ യാഥാർത്ഥ്യം നിങ്ങളെ അറിയിക്കുവാൻ വേണ്ടിയാണ്. ഞാൻ മുഖേന എന്റെ പിതാവ് ജീവൻ നല്കി ഉണ്ടാക്കിയ ഈ പ്രസ്ഥാനത്തിന് യാതൊന്നും സംഭവിക്കുകയില്ല. അങ്ങനെ വന്നാൽ ഞാൻ സ്വയം അകന്നു നിൽക്കും. **എന്നെ സ്വീകരിക്കുവാൻ ആളുകൾ ഉണ്ടാവാം. എങ്കിലും പരലോകത്തെ നഷ്ടപ്പെടുത്തുവാൻ ഞാൻ തീരുമാനിച്ചിട്ടില്ല.** അതിനാൽ കൂലിപ്പണി ചെയ്തു ജീവിച്ചു കൊള്ളാം. മാസികക്കു പിന്നിൽ എന്തെങ്കിലും ദുരുദ്ദേശം ഉണ്ടായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ ശാപവും സർവ്വ തൗഹീദിന്റെ അനുയായികളുടെ ശാപവും എന്റെ മേൽ ഉണ്ടായിരിക്കട്ടെ.

**ആമീൻ. ഒപ്പ്**

## കത്ത് നമ്പർ : 2



بسم الله الرحمن الرحيم

السلام عليكم

**പ്രിയം നിറഞ്ഞ അബൂബക്കർ, വീരാൻ കുട്ടി, അഹമ്മദ് കുട്ടി എന്നിവർ അറിയുവാൻ എ. അബ്ദുസ്സലാം സുല്ലമി.** നിങ്ങൾ ഉന്നയിച്ച പോക്കറെക്കുറിച്ചുള്ള വിമർശനങ്ങളും ആവശ്യവും മററു ചിലർ ഉന്നയിച്ച വിമർശനങ്ങളും എല്ലാം തന്നെ സവിസ്തരം പ്രതിപാദിച്ച് ഞാൻ പോക്കർക്ക് എഴുതിയ കത്തിന്ന് അവൻ നൽകിയ മറുപടിയാണ് ഈ കത്തിന്റെ കൂടെ അയക്കുന്നതു. ഇനിയും പോക്കർ **N.D.F** ആണെന്ന് നിങ്ങൾ സംശയിക്കുന്നുവെങ്കിൽ പോക്കറെക്കാൾ മാസികക്കു വേണ്ടി ആഗ്രഹിക്കുകയും എന്നെക്കാൾ വരിക്കാരെ ചേർക്കുകയും ചെയ്ത അലി അക്ബർ മൗലവിയുമായി നിങ്ങൾ എന്നോട് സംസാരിച്ചതു പോലെ സംസാരിക്കുക. എന്നിട്ട് ഞാനും പോക്കരും അലി അക്ബർ മൗലവിയും നിങ്ങളും കൂടി മർക്കസിൽ വെച്ച് നേരിട്ട് സംഭാഷണം നടത്താം. വ്യക്തമായ കാരണം ഇല്ലാതെ ഒരാൾക്കു നൽകിയ കരാർ ഞാൻ ലംഘിക്കുകയാണെങ്കിൽ ഞാൻ മുനാഫിഖായി മരിക്കേണ്ടിവരും. അപ്പോൾ എന്റെ രണ്ടു ജീവിതവും നഷ്ടപ്പെടും. **ഈ ലോകത്തെ**

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. നിസാഅ്:59

**ജീവിതം ഏതായാലും എനിക്ക് നഷ്ടപ്പെട്ടു. അതു കൊണ്ടാണല്ലോ നിങ്ങൾ എന്നെ ഇപ്രകാരം ബുദ്ധിമുട്ടിപ്പിക്കുന്നത്. എനിക്ക് സമ്പത്ത് ഉണ്ടായിരുന്നുവെങ്കിൽ ഈ സമീപനം എന്റെ നേരെ കാണിക്കുമായിരുന്നില്ല.**

**നാലഞ്ച് പ്രാവശ്യം ഞാൻ വധിക്കപ്പെടാൻ വരെ അടുത്ത സംഭവം എന്റെ ഈ ജീവിതത്തിൽ ഉണ്ടായി. എപ്പോഴും വധിക്കുമെന്ന ഊമക്കത്ത്.** ശബാബ് ഒരു കാലത്ത് ഞാൻ നയാ പൈസ പോലും ഇല്ലാതെ ലേഖനം എഴുതി താങ്ങി നിർത്തുകയുണ്ടായി. പഴയ ശബാബിന്റെ കോപ്പികൾ മറിച്ചു നോക്കുക. അല്ലെങ്കിൽ മായിൻ മാസ്ററോട് ചോദിച്ച് നോക്കുക. ഇപ്പോൾ ശബാബിൽ എഴുതുന്ന അബ്ദുൽഖാദിർ മുജാഹിദായത് എന്റെ പുസ്തകം കൊണ്ട് മാത്രമാണ്. അദ്ദേഹത്തോട് നേരിട്ട് ചോദിക്കുക. എന്റെ പ്രസംഗം കൊണ്ട് മാത്രം മുജാഹിദായ വ്യക്തികളുടെ ഒരു ലിസ്റ്റ് തന്നെ വേണമെങ്കിൽ അവർ എനിക്ക് അയച്ച കത്തുകൾ കൊണ്ട് മാത്രം തെളിയിക്കാൻ കഴിയും. എന്റെ പ്രവർത്തന ഫലം പരലോകത്ത് കാംക്ഷിക്കുന്നതു കൊണ്ട് അതൊന്നും എടുത്തു പറയുന്നില്ല. **അധികാര കസേരയിൽ ഞാൻ ഇരിക്കുന്നില്ലെങ്കിലും നിങ്ങൾ ഇരിക്കുന്ന കസേരയുടെ അടിയിൽ എന്റെ ജീവന്റെ അംശവും വിയർപ്പിന്റെ തുള്ളികളും ഉണ്ടെന്ന യാഥാർത്ഥ്യത്തെ നിങ്ങൾക്ക് നിഷേധിക്കാമെങ്കിൽ പടച്ച തമ്പുരാന്ന് അത് ശരിക്കും അറിയുന്നതാണ്. കസേര അമർത്തി എന്നെ വേദനിപ്പിക്കരുതെന്ന് അപേക്ഷ. അധികാരം മറ്റുള്ളവരെ ഉപദ്രവിക്കാനെല്ല, ഉപകാരം ചെയ്യുവാനാണ് ഉപയോഗിക്കേണ്ടത്.** കൂടുതൽ ഞാൻ എഴുതുന്നില്ല. **രണ്ടു ദിവസം ഞാൻ ശരിക്കും ഉറങ്ങിയിട്ടില്ല. ഞാൻ ജീവൻ നൽകി സേവിച്ച പ്രസ്ഥാനത്തിന്റെ പല പള്ളികളിലും (ഉദാ. മഞ്ചേരി) നല്ലൊരു ഉദ്ദേശം ലക്ഷ്യം വെച്ച് തുടങ്ങിയ മാസികയുടെ പ്രവേശനം പോലും നിഷേധിച്ച വാർത്തയാണ് കേൾക്കുന്നത്.** ഇനി അൽ ഇസ്ലാഹുമായി നിങ്ങൾ എന്നോട് സംസാരിക്കാതെ അലിഅക്ബർ മൗലവിയുമായി ബന്ധപ്പെട്ട് ഞാൻ പറഞ്ഞതു പോലെ സംഭാഷണം അവസാനിച്ച ശേഷം അദ്ദേഹത്തിന്റെ അനുവാദത്തോടു കൂടി ഉചിതമായ തീരുമാനം കൈകൊള്ളാം. അല്ലാഹുവേ നീ എന്റെ നല്ല ഉദ്ദേശവും പ്രവർത്തനവും സ്വീകരിച്ച് പ്രതിഫലം നൽകേണമെ. ഒപ്പ്.

(ഈ കത്തിന്റെ കോപ്പി ആവശ്യമുള്ളവർക്ക് അയച്ചു കൊടുക്കുന്നതാണ്. നിറം നൽകിയതും, അടിവരയിട്ടതും ലേഖകൻ)

---

സഹോദരങ്ങളെ, നിങ്ങൾ ഇനി പറയുക: അബ്ദുസ്സലാം സുല്ലമിയുടെ ആശയാദർശങ്ങളിലെ അപാകതകളെ നിശിതമായി വിമർശിക്കുന്ന മുജാഹിദുകൾ ജനാബ് ഇവ്വിധത്തിലുള്ള വല്ല ദ്രോഹവും ഇന്നേവരെ അദ്ദേഹത്തോട് ചെയ്തിട്ടുണ്ടോ? ആർക്കു പറഞ്ഞു തരാൻ കഴിയും? ആ നാളുകളിൽ അദ്ദേഹം എത്രമാത്രം മാനസികമായി പീഡനമനുഭവിച്ചു കാണണം?

അദ്ദേഹത്തിനു വേണ്ടി അന്യരെഴുതിയത് വായിക്കുമ്പോഴാണൊ, അതല്ല, അദ്ദേഹത്തിനു വേണ്ടി അദ്ദേഹം തന്നെയെഴുതിയ കത്തുകൾ വായിക്കുമ്പോഴാണൊ നമ്മുടെ കണ്ണീരൊഴുകുക? ആരാണു സഹോദരങ്ങളെ അബ്ദുസ്സലാം സുല്ലമിയുടെ ശത്രുക്കൾ? അദ്ദേഹത്തിൻെറ ദ്രോഹികൾ?

ഇല്ല, സഹോദരാ, മുജാഹിദുകൾക്ക് ആദർശവൈകല്യങ്ങളെ വിമർശിക്കാനല്ലാതെ, നിശിതമായിത്തന്നെ, ആരേയും മാനസികമായി പീഡിപ്പിക്കാനറിഞ്ഞു കൂടാ. ഒരുകാലത്ത് ഈ പ്രസ്ഥാനത്തിൽ അങ്ങനെയുള്ളവരുണ്ടായിരുന്നു. അവരാരൊക്കെയാണെന്ന് അബ്ദുസ്സലാം സുല്ലമിയുടെ മുകളിൽ കൊടുത്ത കത്തുകളിൽ നിന്നും നാം കണ്ടു കഴിഞ്ഞു. പക്ഷെ, ഇന്നവർ കളമൊഴിഞ്ഞ് വേറെ കളരി യുണ്ടാക്കി സ്വന്തം കളിയിലാണ്. തന്നെ ദ്രോഹിച്ചവരുടെ കളരിയിലാണ്, ദൗർഭാഗ്യകരമെന്നു പറയട്ടെ, ജനാബ് അബ്ദുസ്സലാം സുല്ലമിയും കളിച്ചു കൊണ്ടിരിക്കുന്നത്. അത് അദ്ദേഹത്തിൻെറ ചിതം.

സഹോദരാ, മുജാഹിദുകളുടെ വിമർശനം അബ്ദുസ്സലാം സുല്ലമിയെന്ന വ്യക്തിയോടല്ല. അനുകമ്പയർഹിക്കാത്ത അദ്ദേഹത്തിൻെറ നിലപാടുകളോടാണ്. അല്ലാഹുവിൻെറ ഹബീബായ റസൂലി നോടുള്ള സ്നേഹം കൊണ്ടും, അല്ലാഹുവിൻെറ ദീനിനോടുള്ള കൂറു കൊണ്ടുമാണത്. അദ്ദേഹത്തിൽ നി ന്നുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങളെ വിമർശിക്കുമ്പോൾ അദ്ദേഹത്തിൻെറ വിനയവും വിരക്തിയും കാട്ടി, അദ്ദേഹത്തിൻെറ അധ്വാനവും അധ്യാപനവും കാട്ടി 'അരുതേ' എന്ന് വിളിച്ചു പറയുന്നത് നീതി യാവുകയില്ല. നമ്മുടെ നാവിൽ നിന്നും കയ്യിൽ നിന്നും മുസ്ലിം മാത്രം രക്ഷപ്പെട്ടാൽ മതിയൊ? ഇസ്ലാമും രക്ഷപ്പെടണ്ടെ? അല്ല, ആദ്യം ഇസ്ലാമല്ലെ രക്ഷപ്പെടേണ്ടത്?

അല്ലാഹു നമ്മെ നന്മയിൽ ഒരുമിച്ചു നിർത്തട്ടെ, ആമീൻ.

**അബൂ നസ്വീഫ്, പറളി**

---

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. നിസാഅ്:59

**തുടരും...**